## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 777 — 25.01.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പഠനത്തിനുള്ള ധനസഹായം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ, ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾ, എൻട്രൻസ് കോച്ചിംഗ് പഠനം നടത്തുന്ന കുട്ടികൾ, പി. എസ്. സി. കോച്ചിംഗിന് പോവുന്ന കുട്ടികൾ, അൺ എയ്ഡഡ് സ്കൂളുകളിൽ ട്യൂഷൻ ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളിൽ ആർക്കെല്ലാമാണ് പഠനത്തിനുള്ള ധനസഹായം അല്ലെങ്കിൽ സ്റ്റൈപെന്റ് നൽകുന്നതെന്നും ആയതിന്റെ പ്രതിമാസ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | <u>പട്ടികജാതി വികസന വകുപ്പ്</u><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾപഠനം നടത്തുന്ന കുട്ടികൾ, ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾ എന്നിവർക്ക് 2/7/2009 ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പജപവവിവ പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നുണ്ട്.<br>കൂടാതെ, സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനു പുറമേ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് 2,000/- രൂപ പ്രത്യേക സ്കോളർഷിപ്പായും, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സെൻട്രൽ പ്രീ മെട്രിക് സ്കോളർഷിപ്പും നൽ കുന്നു. (ഹോസ്റ്റലർ - 350/- രൂപ, ഡേസ്കോളർ - 150/- രൂപ - പ്രതിമാസം) കൂടാതെ ബുക്ക്ഗ്രാന്റ്, ഹോസ്റ്റലർക്ക് 1000/- രൂപ, ഡേ സ്കോളർക്ക് 750/- രൂപ.<br>ഉന്നത വിദ്യാഭ്യാസത്തിന് വിവിധ കോഴ്സുകൾക്ക് 820/- രൂപ മുതൽ 2570/- രൂപ വരെ വിവിധ നിരക്കുകളിൽ ലംപ്സംഗ്രാന്റും, 8 കി.മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630/- രൂപയും, 8 കി.മീറ്റർ പുറമെ താമസിക്കുന്നവർക്ക് 750/- രൂപയും സ്റ്റൈപ്പന്റായും നൽകുന്നു. |

| | | | |
|---|---|---|---|
| | | | സ്വാശ്രയ കോളേജുകളിലെ മെറിറ്റിലും, റിസർവേഷനിലും അല്ലാത്ത സീറ്റുകളിൽ പഠിക്കുന്നവർക്കും മറ്റ് **Recognised, Unaided** സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും 2.5 ലക്ഷം രൂപ കുടുംബവാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി **Government of India Scholarship** നൽകി വരുന്നു.<br><br>എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ൽ കുറയാത്ത ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാപരിശീലനത്തിന് 20,000/-രൂപ വരെ ധനസഹായം നൽകുന്നു.<br><br>അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് എൽ.പി, യു.പി ക്ലാസ്സുകളിലുള്ളവർക്ക് 1000 രൂപ വീതവും ഹൈസ്കൂൾക്ലാസുകളിലുള്ളവർക്ക് 1500 രൂപ വീതവും ട്യൂഷൻ ഫീസ് റി-ഇംബേഴ്സ് ചെയ്യുന്നു.<br><br>വകുപ്പിന്റെ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പി.എസ്.സി നടത്തുന്ന പരീക്ഷകൾക്കു വേണ്ടി പരിശീലനം നൽകി വരുന്നു. കോഴ്സ് കാലയളവിൽ സ്റ്റൈപ്പന്റ് അനുവദിച്ചു വരുന്നു.<br><br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br><br>പ്രീമെട്രിക് തലത്തിൽ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസ് വരെ പഠനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1500/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500/- രൂപയും 1000/- രൂപയും നൽകുന്നു. |

| | | | |
|---|---|---|---|
| | | | അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ I മുതൽ VII വരെ **ക്ലാസുകളിൽ** പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപയും, 8 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1500/- രൂപയും ട്യൂഷൻ ഫീസിനത്തിലും പ്രസ്തുത തുകയുടെ 1/3 തുകയ്ക്ക് തുല്യമായ തുക സ്പെഷ്യൽ ഫീസിനത്തിലും റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നതിന് **"പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം"** എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിന് അകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നു. സർക്കാർ/ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു.<br><br>കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ്വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു ണ്ട്. |
| (ബി) | **എങ്കിൽ അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;** | **(ബി)** | പട്ടികജാതിയിൽപ്പെട്ട സ്കൂൾ കുട്ടിക ളുടെ വിദ്യാഭ്യാസാനുകൂല്യം അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ വഴി വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന നൽകുന്നു.<br>പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ഇ-ഗ്രാന്റ്സ് വഴിയാണ് ആനുകൂല്യം നൽ കുന്നത്. അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. |

| | | | |
|---|---|---|---|
| | | | പി.ഇ.റ്റി.സി.കളിൽ നേരിട്ട് അപേക്ഷ സമർപ്പി ക്കണം. അന്യസംസ്ഥാനത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ ജില്ലാഓഫീസർമാർക്ക് അപേക്ഷ നൽകണം.<br>പ്രീ മെട്രിക് സ്കോളർഷിപ്പിനായി സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠി ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സ്കൂൾ മേധാവി, അതാത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെൻറ് ഓഫീസർമാർക്ക് നൽകുന്നത് വഴി അർഹമായ ആനുകൂല്യങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെൻറ് ഓഫീസർമാർ സ്കൂൾ മേധാവി യുടെ അക്കൗണ്ടിൽ അനുവദിക്കുകയും സ്കൂൾ മേധാവി വഴി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിത രണം നടത്തുകയും ചെയ്യുന്നു.<br>പോസ്റ്റ്മെട്രിക് തലത്തിൽ രാജ്യത്തിന് അകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നട ത്തുന്ന വിദ്യാർത്ഥികൾക്ക് **"പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം"** പദ്ധതി മുഖേനയുള്ള വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാകുന്നതിന് വകുപ്പ് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട് വിദേശപഠനത്തിനുള്ള അപേക്ഷകൾ ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്. |
| (സി) | **2016 - 17 സാമ്പത്തിക വർഷം ഏറനാട് മണ്ഡലത്തിൽ നിന്നും മേൽ പറയപ്പെട്ട വിഭാഗങ്ങളിലെ എത്ര കുട്ടികൾക്ക് സഹായം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?** | (സി) | <u>പട്ടികജാതി വികസന വകുപ്പ്</u><br>സ്കൂൾ പഠനം നടത്തുന്ന കുട്ടികൾ - 3699<br>ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾ - 1130<br>എൻട്രൻസ് കോച്ചിംഗ് നടത്തുന്ന കുട്ടികൾ - 37<br>പി.എസ്.സി. കോച്ചിംഗിന് പോകുന്ന കുട്ടികൾ - 0<br>അൺ എയ്ഡഡ് സ്കൂളിൽ ട്യൂഷൻ ഫീസ് നൽകി പഠിക്കുന്ന വിദ്യാർത്ഥികൾ - 65<br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u><br>പ്രീ മെട്രിക് സ്കോളർഷിപ്പിന് അർഹരായവർ - 174<br>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അർഹരായവർ - 12<br>പി.എസ്.സി കോച്ചിംഗിന് പോകുന്ന കുട്ടികൾ - 26 |

**സെക്ഷൻ ഓഫീസർ**